

## പുസ്തകപ്പുര

# ഖനനം തകർത്ത ജീവിതങ്ങൾ




അലൂമിനിയം വ്യവസായത്തിന്റെ കടന്നുകയറ്റത്തിൽ ഒഡീഷയിലെ പ്രകൃതിക്കും ജനങ്ങൾക്കുമുണ്ടായ തിരിച്ചടികളുടെ പഠനമാണ് ഔട്ട് ഓഫ് ദിസ് എർത്ത്.

മനുഷ്യന്റെ ജീവിതം തന്നെ ഭൂമിയുടെ നിലനിൽപിനെ ആശ്രയിച്ചിരിക്കുമ്പോൾ ഖനനത്തിന്റെ പേരിൽ ഭൂമിക്കുണ്ടാകുന്ന ആഘാതങ്ങളെ ഈ പുസ്തകം വരച്ചു കാട്ടുന്നു.

ഊർജം, വ്യവസായ രംഗം, ഭക്ഷ്യ പാക്കേജിങ്, വാഹന മേഖല, ആയുധ രംഗം എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായാണ് ഖനനം നടക്കുന്നത്. ഇവയിൽ നിന്ന് നേട്ടമുണ്ടാക്കുന്നത് ആരെന്ന ഗൗരവമുള്ള ചോദ്യം ഈ പുസ്തകം ഉന്നയിക്കുന്നു. അതോടൊപ്പം ഇതിന്റെ ആഘാതം നേരിടുന്ന ജനങ്ങളുടെ ദുരിതവും വരച്ചു കാട്ടുന്നു.

ലോകത്തെ ഏറ്റവും മികച്ച ബോക്സൈറ്റ് ശേഖരമുള്ള ഒഡീഷയിലെ ഖോണ്ഡലൈറ്റ് മലനിരകളിൽ കമ്പനികൾ ഖനനത്തിനെത്തിയത് ആ മേഖലയിലെ ജനങ്ങൾക്ക്, പ്രത്യേകിച്ച് ആദിവാസികൾക്ക്, നല്ല ജീവിതം വാഗ്ദാനം ചെയ്താണ്. എന്നാൽ, പറഞ്ഞറിയിക്കാനാവാത്ത ക്ഷതമാണ് കമ്പനികൾ ഏൽപിച്ചതെന്ന് ലേഖകരായ സമരേന്ദ്ര ദാസും ഫെലിക്സ് പഡേലും വ്യക്തമാക്കുന്നു. ആക്ടിവിസ്റ്റും സിനിമാ സംവിധായകനുമാണ് സമരേന്ദ്ര. ഓക്സ്ഫഡ്, ഡൽഹി സർവകലാശാലകളിലെ നരവംശ ശാസ്ത്രജ്ഞനാണ് ഫെലിക്സ്.

ഒഡീഷയിലെ മാത്രമല്ല, ബ്രസീൽ, ഓസ്ട്രേലിയ, ഗയാന, ജമൈക്ക, ഗി, ഘാന, ഐസ്‌ലാൻഡ് എന്നിവിടങ്ങളിലെ ഖനന പ്രശ്നങ്ങളും പുസ്തകത്തിൽ അവതരിപ്പിക്കുന്നു.

ഔട്ട് ഓഫ് ദിസ് എർത്ത്: ഈസ്റ്റ് ഇന്ത്യാ ആദിവാസീസ് ആൻഡ് ദ് അലൂമിനിയം കാർട്ടൽ.
സമരേന്ദ്ര ദാസ്, ഫെലിക്സ് പഡേൽ.
ഓറിയന്റ് ബ്ലാക്ക്സ്വാൻ, ഹൈദരാബാദ്.
വില: 1545 രൂപ

Sun, 15 November 2020
epaper.mangalam.com/c/56393684

## Translation of the review

### Mining/Mines that Destroyed Lives:

Out of This Earth studies the revenge of nature and the people upon the encroachment of the aluminium business/cartel. This book brings out in detail the damage done to the earth in the name of mining, despite man's life being dependent on the existence of earth. Mining is done for many different sectors, for example, energy, business, food packaging, automobile industry, and arms and ammunition. This book tries to examine who benefits from this exploitation, and highlights the stories of the people who are impacted and facing the consequences of such mining. Mining companies seeking the world's best bauxite reserves of Odisha had promised a good life for the people living there, especially the adivasis. The writers, Samarendra Das and Felix Patel, make it clear that these companies have caused irreparable loss/damage to the people instead.